(2) ദേവസ്വംബോർഡിന്റെ ടെന്റർ പരസ്യം ഉയർത്തുന്ന സാമുദായിക വിവേചന ഭീഷണി

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, ക്ഷേത്രപ്രവേശന വിളംബരവും അയിത്താചാര സമരങ്ങളും ഒക്കെ കഴിഞ്ഞിട്ട് ദശകങ്ങളായി. ലോകം ശാസ്ത്ര സാങ്കേതിക മികവിന്റെ അറ്റത്ത് എത്തി നിൽക്കുകയാണ്. ആ സമയത്ത് ഇത്തരം ഒരു വിഷയം ഈ സഭയിൽ അവതരിപ്പിക്കേണ്ടി വന്നതിൽ എനിക്ക് ലജ്ജയുണ്ട്. ശബരിമല ക്ഷേത്രത്തിലെ മണ്ഡല മകരവിളക്ക് കാലത്ത് വെള്ള നിവേദ്യവും ശർക്കര പായസവും എല്ലാം മലയാള ബ്രാഹ്മണർ തന്നെ തയ്യാർ ചെയ്യണം എന്നുള്ള പരാമർശത്തോടെയുള്ള ടെന്റർ പരസ്യത്തെക്കുറിച്ചാണ് പത്രവാർത്ത വന്നിരിക്കുന്നത്. ജൂലായ് 15-നുള്ള ഒരു പ്രധാന പത്രത്തിലാണ് ഈ പരസ്യം അച്ചടിച്ച് വന്നിട്ടുള്ളത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഹിന്ദുസമുദായത്തിലുള്ളവർ മാത്രമല്ല, മറ്റു സമുദായങ്ങളിലുള്ള ലക്ഷക്കണക്കിന് ആളുകൾ ശബരിമലയിൽ വന്ന് തൊഴുത് പോകുന്നു. അവർക്ക് വിതരണം ചെയ്യുന്ന വെള്ള നിവേദ്യവും ശർക്കര പായസവും മലയാള ബ്രാഹ്മണർ തന്നെ ഉണ്ടാക്കണമെന്നാണ് പറയുന്നത്. ക്ഷേണത്തിൽ നിന്നുപോലും ജാതി കളയാൻ പറ്റിയില്ലെങ്കിൽ, ഇവിടെ മലയാളികൾ എത്ര പ്രാകൃത യുഗത്തിലാണ് ജീവിക്കുന്നത്. സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിളിച്ചിട്ടുണ്ടെങ്കിൽ ആ ജാതി ഭ്രാന്ത് ഇപ്പോഴും നിലനിൽക്കുന്നു എന്നുള്ളതിന്റെ തെളിവല്ലേ ദേവസ്വം ബോർഡിന്റെ ഈ പരസ്യം. ഈ പരസ്യം നമ്മുടെ ഭരണ ഘടനയ്ക്കും സാമൂഹ്യ നീതിക്കും മനുഷ്യാവകാശത്തിനും എതിരാണ്. ഇത് കോടതി അലക്ഷ്യം കൂടിയാണ്. ദേവസ്വംബോർഡ് മുൻപും ഇതേപോലെ നൽകിയ പരസ്യത്തിനെതിരെ മനുഷ്യാവകാശ കമ്മീഷന്റെ ഫുൾ ബഞ്ച് 2001-ൽ വിധി പ്രഖ്യാപിച്ചതാണ്. പൂജാരി നിയമനത്തിൽ ജാതിഭേദം പാടില്ല എന്നും നിവേദ്യം സംബന്ധിച്ച പരസ്യങ്ങളിൽ ജാതിഭേദം കാണിക്കരുതെന്നും 2001-ലെ വിധിയിൽ മനുഷ്യാവകാശകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. പുരോഹിത ജോലിയിലോ മറ്റ് സമാനമായ ജോലികളിലോ ജാതിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തരുതെന്ന് 1995-ൽ കേരള ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അബ്രാഹ്മണർക്ക് ക്ഷേത്രത്തിൽ ശാന്തി നടത്താം എന്ന് സുപ്രീംകോടതി വിധിയുണ്ട്. അതിനെയൊക്കെ ധിക്കരിച്ച് ജാതിക്കോമരങ്ങൾ അഴിഞ്ഞാടുകയാണ്. 23-6-2004-ലെ പ്രധാന പത്രത്തിൽ കൊച്ചിൻ ദേവസ്വംബോർഡ് ശാന്തിക്കാരനെ ആവശ്യപ്പെട്ട് നൽകിയ പരസ്യത്തിലും നമ്പൂതിരി, എമ്പ്രാന്തിരി സമുദായക്കാരെ വേണം എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ജാതിയേയും വർഗ്ഗീയതയേയും സർക്കാർ തലത്തിൽ പ്രോത്സാഹിപ്പിക്കുന്നത് തീർത്തും നിന്ദ്യമായ ഒന്നാണ്. ഹൈക്കോടതിയും മനുഷ്യാവകാശ കമ്മീഷനുമൊക്കെ വിലക്കിയ കാര്യം വീണ്ടും ചെയ്യാൻ ഈ മണ്ണിൽ ജാതിക്കോമരങ്ങൾ ധൈര്യപ്പെടുന്നു. ഇങ്ങനെ ഒരു പരസ്യം പ്രസിദ്ധീകരിച്ച ഉദ്യോഗസ്ഥരെ ശിക്ഷിക്കാൻ സർക്കാർ തയ്യാറാകണം. ഈ പരസ്യം ഉടൻ തന്നെ റദ്ദ് ചെയ്യാൻ സർക്കാർ നടപടിയെടുക്കണം. മലയാള ബ്രാഹ്മണർ അല്ലാത്തവർ ഉണ്ടാക്കുന്ന നൈവേദ്യം ആളുകൾ ഒന്ന് കഴിച്ച് നോക്കട്ടെ. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി ഉണ്ടാകണമെന്ന് [illegible]ാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഉമേഷ് ചള്ളിയിൽ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോടും, ഉൽകണ്ഠയോടും അഭിപ്രായങ്ങളോടും ഒരു വ്യക്തിയെന്ന നിലയിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു. ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ്. 1950-ലെ ഹിന്ദുമത സ്ഥാപന നിയമമനുസരിച്ച് അതിന് അനുസൃതമായി രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും മാനുവലും അനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്. ഒരു സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ സർക്കാരിന് അധികാരമില്ല. ശബരിമലയിലെ ശാന്തിക്കാരേയും ക്ഷേത്രത്തിലെ വെള്ളനിവേദ്യം, പായസം എന്നിവ തയ്യാറാക്കാനുള്ള ആൾക്കാരേയും നിയോഗിക്കുന്നത് അവരുടെ നിലവിലുള്ള ആചാരപ്രകാരമാണ്. വെള്ള നിവേദ്യം, പായസം എന്നിവ തയ്യാറാക്കുന്നത് മലയാള ബ്രാഹ്മണർ തന്നെ ആയിരിക്കണമെന്നുള്ളതു പുരാതനകാലം മുതൽ നിലനിൽക്കുന്ന ഒരു ആചാരമാണ്. ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകാൻ ഈ സർക്കാരിന് അധികാരമില്ല. ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ സർക്കാർ ഇടപെടാറുമില്ല. ഇത്തരം കാര്യങ്ങളിൽ തന്ത്രിയുടെ തീർപ്പാണ് ഇതുവരെ പ്രധാനം. ഞാൻ ഇതുവരെയുള്ള സമ്പ്രദായം പറയുകയാണ്. ഒന്നു പറഞ്ഞുകൊള്ളട്ടെ, കഴിഞ്ഞ തവണയും ഇതു തന്നെയായിരുന്നു സ്ഥിതി. ഇത് ആരുടെ കാലത്തും മാറിയില്ല. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ, ഇത്തരം കാര്യങ്ങളിൽ തന്ത്രിയുടെ ഏർപ്പാടാണ് പ്രധാനം. ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തുന്നത് ഭക്ത ജനങ്ങളുടെ എതിർപ്പിന് ചിലപ്പോൾ കാരണമാകുകയും ചെയ്തിട്ടുണ്ട്. അതിനാലാണ് ദേവസ്വം ബോർഡ് നിലവിലുള്ള ആചാരമനുസരിച്ച് മലയാള ബ്രാഹ്മണരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മറ്റ് പല തരത്തിൽ ആലോചിക്കേണ്ട വിഷയമാണ്. ഞാൻ നിലവിലുള്ള ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളൂ. ഒന്നുകൂടി പറയുന്നു, ഇവിടെ ശ്രീ. ഉമേഷ് ചള്ളിയിൽ പറഞ്ഞ വികാര വിചാരങ്ങളോടും അഭിപ്രായങ്ങളോടും നമുക്ക് യോജിപ്പാണുള്ളത്. പക്ഷെ നിലവിലുള്ള സമ്പ്രദായം ആയതുകൊണ്ട് ഞാൻ ഈ മറുപടി പറഞ്ഞു എന്നുമാത്രമേയുള്ളൂ.

(3) എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവരുടെ ചികിൽസയും പുനരധിവാസവും

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർകോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചതുമൂലം ആയിരക്കണക്കിന് ആളുകൾ ദുരിതത്തിലായിരിക്കുന്നതിനാൽ ചികിൽസയ്ക്കും, പുനരധിവാസത്തിനും സർക്കാരിന്റെ സംവിധാനം ഉണ്ടാകണമെന്നുമുള്ളതാണ് എന്റെ സബ്മിഷൻ.